# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

### ജി എൽ പി എസ്
### മാവിലാക്കടപ്പുറം

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാലയ പദ്ധതിയെ അധികരിച്ച് അക്കാദമിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പൂർത്തിയാക്കുന്നവയും ഉടനെ തുടങ്ങാവുന്നതുമായ അക്കാദമിക പ്രവർത്തന പദ്ധതിയാണ് അക്കാദമിക മാസ്റ്റർപ്ലാൻ. അതായത് വിദ്യാലയ വികസന പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള അക്കാദമിക പ്രവർത്തനങ്ങളുടെ സൂക്ഷ്മതല ആസൂത്രണമാണ് അക്കാദമിക മാസ്റ്റർപ്ലാൻ.

കാസറഗോഡ് ജില്ലയുടെ തെക്കേയറ്റത്ത് അറബിക്കടലിനു സമാന്തരമായി കവ്വായി കായലിനും അറബിക്കടലിനും ഇടയിലായി ശരാശരി 500 മീറ്റർ വീതിയിൽ 24 കിലോമീറ്ററോളം നീളത്തിൽ നീണ്ടുകിടക്കുന്ന വലിയ പറമ്പ് ഗ്രാമപഞ്ചായത്തിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന പ്രാഥമിക വിദ്യാലയമാണ് മാവിലാക്കടപ്പുറം ഗവൺമെന്റ് എൽ പി സ്കൂൾ. വിദ്യാഭ്യാസപരമായും സാമ്പത്തികമായും ഏറെ പിന്നാക്കം നിൽക്കുന്ന വിദ്യാലയമാണിത്. സ്ഥലപരിമിതിയും പശ്ചാത്തല സൗകര്യത്തിന്റെ അപര്യാപ്തതയും കൊണ്ട് പൊറുതിമുട്ടുന്നുണ്ടെങ്കിലും അഭിമാനകരമായ നേട്ടങ്ങൾ കൊയ്തെടുക്കാൻ ഈ സ്കൂളിന് കഴിഞ്ഞിട്ടുണ്ട്. അതിലൊന്നാണ് കോവിഡ് കാലത്തെ "പഠനവീട്". ഇതിന് സംസ്ഥാനതലത്തിൽ അംഗീകാരം ലഭിച്ചിരുന്നു. കാർഷിക വികസന ക്ഷേമ വകുപ്പ് 2016 - 17 വർഷത്തിൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ജില്ലാതല അവാർഡും വിദ്യാലയത്തിന് ലഭിച്ച ബഹുമതിയിൽ പെടുന്നു.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ➢ വിദ്യാലയത്തിന്റെ പേര് | : ജി എൽ പി എസ് മാവിലാക്കടപ്പുറം |
| ➢ വിലാസം | : മാവിലാക്കടപ്പുറം (പി ഒ) |
| ➢ സബ്ജില്ല | : ചെറുവത്തൂർ |
| ➢ വില്ലേജ് | : വലിയപറമ്പ് |
| ➢ പഞ്ചായത്ത് | : വലിയപറമ്പ് |
| ➢ വാർഡ് നമ്പർ | : 12 |
| ➢ ബ്ലോക്ക് | : നീലേശ്വരം |
| ➢ പ്രധാനാധ്യാപിക | : അനിത കെ |
| ➢ എസ്.എം.സി ചെയർമാൻ | : ഫാത്തിമ എം |
| ➢ പി.ടി.എ.പ്രസിഡന്റ് | : അജേഷ് കെ വി |
| ➢ മദർ പിടിഎ പ്രസിഡന്റ് | : ഫൗസിയ |

# വിദ്യാലയ ചരിത്രം

മാവിലാക്കടപ്പുറം ജി.എൽ.പി.സ്കൂളിന്റെ സ്ഥാപകനെന്ന് പറയാവുന്നത് വലിയപറമ്പ പഞ്ചായത്തിന്റെ സ്ഥാപക പ്രസിഡന്റ് കെ മമ്മുഹാജിയുടെ പിതാവ് കുഞ്ഞി ഫരീദ് ഹാജി എന്നവരുടെ ജ്യേഷ്ഠൻ മുഹമ്മദ് കുഞ്ഞി ഹാജി എന്നവരാണ്.1928 ലാണ് ഈ വിദ്യാലയം ആരംഭിക്കുന്നത്.തുടക്കത്തിൽ വിദ്യാലയം പ്രവർത്തിച്ചത് അദ്ദേഹം പണികഴിപ്പിച്ച ചകിരി മില്ലിന് സമീപമുള്ള ടി.പി.ഹമീദ് മാസ്റ്റർ താമസിക്കുന്ന പഴയ തറവാട് വീട്ടിലായിരുന്നു. പിന്നീട് 1942 കാലഘട്ടത്തിൽ ഇന്ന് വിദ്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്ത് അദ്ദേഹത്തിന്റെ ഉടസ്ഥതയിലുണ്ടായിരുന്ന സ്ഥലത്ത് ഒരു കെട്ടിടം പണിത് ഇവിടേക്ക് മാറ്റി.അദ്ദേഹത്തിൻറെ കാലശേഷം അനുജൻ കുഞ്ഞിഫരീദ് ഹാജിയുടെ ഉടമസ്ഥത യിലേക്ക് വരികയും കെട്ടിടത്തിന് ഗവണ്മെന്റിൽ നിന്നും ഒരു തുക വാടക കിട്ടുന്ന രീതിയിൽ തുടർന്നു പോരുകയുമായിരുന്നു. കുഞ്ഞിഫരീദ് ഹാജിയിൽ നിന്നും അദ്ദേഹത്തിന്റെ മകനായ കെ മമ്മുഹാജിക്കാണ് സ്കൂൾ നിൽക്കുന്ന സ്ഥലം അനന്തരാവകാശമായി കിട്ടിയത്. എന്നാൽ സ്കൂളിന് ചുറ്റുമുള്ള സ്ഥലം അനുജൻ ഇന്ന് ജീവിച്ചിരിപ്പുള്ള ഇ കെ മുസ്തഫ ഹാജിയുടെ ഉടമസ്ഥതയിലായിരുന്നു. സ്കൂളിന് സ്ഥലസൗകര്യം ആവശ്യമായി വന്നപ്പോൾ മുസ്തഫ ഹാജിയുടെ മരുമകനും മമ്മുഹാജിയുടെ മകളുടെ ഭർത്താവുകൂടിയായ ഇകെ അഹമ്മദ് കുഞ്ഞി പലതവണ സ്കൂൾ ഉൾക്കൊള്ളുന്ന വാർഡിന്റെ മെമ്പറായിരുന്ന ഘട്ടത്തിൽ അമ്മാവനായ മുസ്തഫ ഹാജിയിൽ സ്വാധീനം ചെലുത്തി പി.ടി.എ യുടെയും വികസന സമിതിയുടെയും നേതൃത്വത്തിൽ തുച്ഛമായ വിലയ്ക്ക് സ്കൂളിന് മുന്നിലുള്ള സ്ഥലങ്ങൾ വാങ്ങി നൽകുകയായിരുന്നു.അവസാനമായി പഴയ സ്കൂൾ കെട്ടിടത്തിന്റെ അവകാശി മമ്മുഹാജിയുടെ പുത്രി എം ടി റഹിയാനത്ത് ആയിരുന്നു. പഴയ കെട്ടിടം പൊളിച്ചു മാറ്റേണ്ട സാഹചര്യം വന്നപ്പോൾ തുച്ഛമായ വിലയ്ക്ക് അത് ഗവൺമെന്റിലേക്ക് വിട്ടു നൽകുകയായിരുന്നു. പഴയ കെട്ടിടത്തോടൊപ്പം ഒരു ഓല മേഞ്ഞ ഷെഡിൽ കൂടി കുറെ കാലം ക്ലാസ്സ് നടത്തി വന്നിരുന്നു. പി.ടി.എ കമ്മിറ്റി വർഷാവർഷം ഷെഡ് പുതുക്കി പണിയുന്നതിന് ഫണ്ട് കണ്ടെത്തിയിരുന്നത് ടെന്റ് കെട്ടി ടിക്കറ്റ് വച്ച് സിനിമ, മാജിക് ഷോ, ഗാനമേള പോലുള്ള പരിപാടികൾ നടത്തിയായിരുന്നു. സ്കൂൾ കെട്ടിടങ്ങൾക്ക് ഗവൺമെന്റിൽ നിന്നുള്ള ഫണ്ടുകൾ സുലഭമായി കിട്ടാൻ തുടങ്ങിയതോടെയാണ് ഇന്നു കാണുന്ന കെട്ടിട സൗകര്യങ്ങൾ സ്കൂളിനുണ്ടായത്.

# അവസ്ഥവിശകലനം

കാസറഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് വിദ്യാഭ്യാസജില്ലയിലെ ചെറുവത്തൂർ വിദ്യാഭ്യാസ ഉപജില്ലയിലെ അക്ഷര വെളിച്ചം പകരുന്ന വിദ്യാലയമാണ് മാവിലാക്കടപ്പുറം ഗവ.എൽ പി സ്കൂൾ.പി ടി എ , എം പി ടി എ , എസ് എം സി, നാട്ടുകാർ എന്നിവരുടെ കൂട്ടായ പ്രവർത്തനമാണ് വിദ്യാലയത്തെ മുന്നോട്ട് നയിക്കുന്നത്.ഈ അധ്യയന വർഷം പ്രീ പ്രൈമറിയിൽ 51 കുട്ടികളും 1 മുതൽ 4 വരെ ക്ലാസുകളിൽ 177 കുട്ടികളും പഠിക്കുന്ന ഈ വിദ്യാലയത്തിൽ ഇംഗ്ലീഷ് - മലയാളം മീഡിയം ക്ലാസുകളുണ്ട്.1 മുതൽ 4 വരെയുള്ള ക്ലാസുകൾ 2 വീതം ഡിവിഷനുകളിലായി പ്രവർത്തിച്ചുവരുന്നു.10 ക്ലാസ് മുറികളും വിശാലമായ അസംബ്ലി ഹാളും കുട്ടികൾക്ക് ആവശ്യമായ ടോയ്‌ലറ്റ് സൗകര്യങ്ങളും നിലവിലുണ്ട്. 500 ലധികം പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ലൈബ്രറി വിദ്യാർത്ഥികളുടെ വായനയെ പരിപോഷിപ്പിക്കുന്നു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള പഠനം ഉറപ്പുവരുത്തുന്നതിനായി 10 വീതം ലാപ്ടോപ്പുകളും പ്രൊജക്റ്ററുകളും വിദ്യാലയ ത്തിലുണ്ട്.അധ്യാപരക്ഷാകർതൃ സമിതിയുടെ പിന്തുണയോടെ കുട്ടികൾക്ക് ഇഷ്ടപ്പെടുന്ന രുചിയോടെ ഉച്ചഭക്ഷണം വിതരണം ചെത്തുവരുന്നു. ആധുനിക സൗകര്യങ്ങളോടുകൂടിയ അടുക്കളയും ഭക്ഷണശാലയും നിർമ്മിച്ചാൽ ഈ പ്രക്രിയ കൂടുതൽ ഫലപ്രദമാക്കാൻ സാധിക്കും. ഒരു പ്രധാനാധ്യാപിക , 8 എൽ പി എസ് എ , 2 അറബിക് അധ്യാപകർ , ഒരു PTCM , 2 പ്രീ പ്രൈമറി അധ്യാപകർ,ഒരു ആയ,ഒരു പാചകത്തൊഴിലാളി എന്നിങ്ങനെ 16 ജീവനക്കാർ വിദ്യാലയത്തിൽ ജോലി ചെയ്തുവരുന്നു.

# കാഴ്ചപ്പാട്

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാന ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി കുട്ടികളുടെ സമഗ്ര വികസനത്തിനനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായത്തിനനുസൃതമായും കരിക്കുല വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേ ണ്ടതുണ്ട്.കുട്ടികളുടെ ഭാഷ - ഗണിത - ശാസ്ത്ര - കായികമേഖലകളിലുള്ള മുന്നേറ്റമാണ് ഈ വർഷം നമ്മുടെ വിദ്യാലയം ലക്ഷ്യമിടുന്നത്. കുട്ടികളിലെ ഭാഷാപരമായ പിന്നോക്കാവസ്ഥയും പഠനവിടവും പരിഹരിച്ചുകൊണ്ട് ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കരുതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന പരിപാടികളാണ് ലക്ഷ്യമിടുന്നത്.അതോടൊപ്പം കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷയോടുള്ള പേടിയും സംസാരിക്കാനുള്ള ആത്മവിശ്വാസമില്ലായ്മയും മാറ്റി സ്വതന്ത്രമായി സമീപിക്കാനുതകുന്ന പരിപാടികളും ആസൂത്രണം ചെയ്യുന്നു.

# ലക്ഷ്യങ്ങൾ:

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠന പ്രവർത്തനങ്ങൾക്ക് പുറമേ കലാ - കായിക - പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.
* വിദ്യാലയത്തിലെ പഠന പിന്തുണാസംവിധാനങ്ങളായ ലൈബ്രറി,കമ്പ്യൂട്ടർ എന്നിവ എല്ലാ വിദ്യാർത്ഥികൾക്കും പരമാവധി പ്രയോജനപ്പെടുത്തുന്നു.
* ജൈവ വൈവിധ്യ ഉദ്യാനം പഠനപ്രവർത്തനങ്ങൾക്ക് ഫലപ്രദമായി ഉപയോഗിക്കുന്നു.

* ഓരോ  അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
* വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അദ്ധ്യാപകരും തമ്മിലും അദ്ധ്യാപകരും അദ്ധ്യാപകരും തമ്മിലും  അദ്ധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* ഓരോ  വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുന്നു.
* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുന്നു
* കുട്ടികളുടെ പഠന നിലവാരം കൃത്യമായി വിലയിരുത്തുന്നതിനായി യൂണിറ്റ് ടെസ്റ്റ്, പ്രതിമാസ പരീക്ഷ എന്നിവ നടത്തി ഫലവിശകലനം ചെയ്യുന്നു.
* അധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി മുഴുവൻ അധ്യാപകരും വിവിധ പരിശീലനങ്ങളിൽ പങ്കെടുക്കുന്നു.
* എസ് ആർ ജി യോഗങ്ങൾ കാര്യക്ഷമമായി നടത്തുന്നു.

## വിഷയ മേഖല : മലയാളം

| ക്രമ നമ്പർ | ലക്ഷ്യം / മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വായന | ❖ കുട്ടികളുടെ നിലവാരം അറിയുന്നതിന് വേണ്ടി പ്രീ ടെസ്റ്റ്<br>❖ അക്ഷരം ഉറപ്പിക്കൽ<br>❖ അടയാളം ഉറപ്പിക്കൽ (ചിഹ്നങ്ങൾ, ആഭരണങ്ങൾ അണിയിക്കൽ)<br>❖ അക്ഷരക്കാർഡ്, ചിഹ്നങ്ങൾ ചേർത്തുള്ള കാർഡ് നൽകൽ<br>❖ വാക്കുകൾ എഴുതിയ കാർഡ്<br>❖ വാക്യങ്ങൾ നിർമ്മിക്കൽ<br>❖ ചിത്രംനൽകിഅടിക്കുറിപ്പ്,കഥ,കവിത,ബാക്കി ഭാഗം,പൂരിപ്പിക്കുക<br>❖ വലിയ അക്ഷരമുള്ള കഥാപുസ്തകം നൽകൽ<br>❖ വായനാക്കൂട്ടം<br>❖ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>❖ പുസ്തകവിതരണം,വായനാനുഭവം പങ്കുവയ്ക്കൽ<br>❖ അമ്മ വായന<br>❖ പത്രവായന<br>❖ വിദ്യാരംഗം,സർഗ്ഗവേള,ബാലസഭ എന്നിവയിൽ അവതരണം<br>❖ സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>❖ കഥയരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ | | |

| | | | | | |
|---|---|---|---|---|---|
| 2 | വൈവിദ്ധ്യമാർന്ന രീതിയിൽഭാഷാനുഭവങ്ങൾ വിനിമയം ചെയ്യൽ | ❖ ആത്മവിശ്വാസത്തോടെ ഭാഷ പ്രയോഗിക്കാനാവശ്യമായ അവസരം ഒരുക്കൽ<br>❖ സംഭാഷണം , ചർച്ച സംഘടിപ്പിക്കൽ<br>❖ നാടകീകരണം<br>❖ വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടൽ , അവതരണം<br>❖ ബാലസഭയിൽ പങ്കാളിത്തം ഉറപ്പാക്കൽ<br>❖ സർഗാത്മക പ്രവർത്തനങ്ങളിൽ ഇടപെടൽ | സപ്തംബർ മുതൽ മാർച്ച് വരെ | | |
| 3 | കവിത,കഥ എന്നിവ കേട്ട് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നു. | ❖ ഐസിടി ഉപയോഗിച്ച് കഥ കാണാൻ അവസരം<br>❖ കഥ സ്വന്തം ഭാഷയിൽ അവതരണം<br>❖ കഥ സ്വയം എഴുതൽ<br>❖ കഥ വായന<br>❖ ഐ സി ടി യിൽ ചിത്രപ്രദർശനം<br>❖ ചിത്ര നിരീക്ഷണം<br>❖ ചിത്രത്തിൽ എന്തെല്ലാം എന്ന് പറയാൻ അവസരം<br>❖ കവിത പൂർത്തിയാക്കൽ<br>❖ വിവരണം എഴുതൽ<br>❖ ഈണം കണ്ടെത്തൽ<br>❖ വരികൾ കൂട്ടിച്ചേർക്കൽ | അവതരണം<br>സപ്തംബർ മുതൽ മാർച്ച് വരെ | | |
| 4 | സർഗ്ഗാത്മക ഡയറി സ്വന്തം അനുഭവങ്ങളെ അടിസ്ഥാനമാക്കി സ്വതന്ത്ര രചനാ ശേഷി വികസിപ്പിക്കുന്നതിലൂടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനുമാണ് സർഗ്ഗാത്മക ഡയറി ഊന്നൽ നൽകുന്നത് | ❖ കുട്ടികളുടെ സ്വതന്ത്ര രചന വർദ്ധിപ്പിക്കുന്നു.<br>❖ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിച്ച് മുഴുവൻ കുട്ടികളെയും വായനയുടെയും എഴുത്തിന്റെയും ഉടമകളാക്കുന്നു.<br>❖ സർഗ്ഗാത്മക ശേഷി, ഭാഷാനൈപു ണി, ചിന്താശേഷി എന്നിവ വികസിപ്പിക്കുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| 5 | റീഡേഴ്സ് തീയറ്റർ രംഗ സജ്ജീകരണമോ ചമയങ്ങളോ ഇല്ലാത്ത ഒരു വേദിയിൽ വന്ന് നാടകീയ വായന നടത്തുന്നതാണ് കുട്ടികളുടെ വായനശേഷി വികസിരിക്കുന്നതിനും ഭാവം ഉൾക്കൊണ്ടുകൊണ്ടുള്ള മെച്ചത്തുന്നതിനും റീഡേഴ്സ് ഫലപ്രദമാണ് | ❖ കഥ സന്ദർഭങ്ങൾ വായിച്ച് സംഭവങ്ങൾ, കഥാപാത്രങ്ങൾ എന്നിവ കണ്ടെത്തി വിശകലനം ചെയ്യുന്നു.<br>❖ കേൾവിക്കാരെആശയം ബോധ്യപ്പെടുത്തുംവിധം വായിച്ചവതരിപ്പിക്കുന്നു.<br>❖ കഥാഭാഗം വായിച്ച് സംഭവങ്ങൾ കഥാപാത്രങ്ങളുടെ സവിശേഷതകൾ എന്നിവ തിരിച്ചറിഞ്ഞ് സ്ക്രിപ്റ്റ് തയ്യാറാക്കുന്നതിൽ കഴിവ് നേടുന്നു.<br>❖ പരസ്പര വായനയിലൂടെ എല്ലാ കുട്ടികൾക്കും വായനയിൽ ആത്മവിശ്വാസം വളർത്തുന്നു | | | |

## വിഷയമേഖല : ഗണിതം

| ക്രമ നമ്പർ | ലക്ഷ്യം / മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സംഖ്യാബോധം ഒരക്ക,രണ്ടക്ക,മൂന്നക്ക നാലക്കസംഖ്യകൾ എണ്ണുന്നു;എഴുതുന്നു. | ❖ സംഖ്യ എഴുതുന്നു.<br>❖ സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു. കിട്ടിയ സംഖ്യ വായിക്കുന്നു.<br>❖ കിട്ടിയ സംഖ്യയ്ക്ക് തുടർന്ന് വരുന്ന സംഖ്യകൾ എഴുതുന്നു.<br>❖ ആരോഹണ,അവരോഹണക്രമം എഴുതുന്നു.<br>❖ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ<br>❖ കളിനോട്ട് ഉപയോഗിച്ച് കൂട്ടങ്ങളാക്കുന്നു<br>❖ സംഖ്യയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു<br>❖ അരവിന്ദഗുപ്ത കാർഡുപയോഗിച്ചു സംഖ്യ നിർമിക്കാം. | ജൂൺ മുതൽ സപ്തംബർ വരെ | | |
| 2 | പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | ❖ മനക്കണക്കിന്റെ സാധ്യത<br>❖ ക്ലാസ്സിലെ സാധനങ്ങൾ ഉൾപ്പെടുത്തി കട ക്രമീകരിക്കുന്നു.<br>❖ അളവുപാത്രങ്ങൾ , ത്രാസ് ഇവ ക്രമീകരിക്കുന്നു<br>❖ കളിനോട്ട് ഉപയോഗപ്പെടുത്തി കച്ചവടക്കളി ഒരുക്കുന്നു<br>❖ കുട്ടികൾ തന്നെ കടക്കാരനും വാങ്ങുന്നവനും ആവുന്നു<br>❖ പണം കൈകാര്യം ചെയ്യുന്നു<br>❖ ഗ്രൂപ്പിൽ ചർച്ച<br>❖ പ്രശ്നപരിഹരണം | ജൂൺ മുതൽ മാർച്ച് വരെ | | |

| | | | | | |
|---|---|---|---|---|---|
| 3 | ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു | ❖ സാംഖ്യാചക്രം കറക്കി രണ്ടു സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>❖ അവ തമ്മിലുള്ള സങ്കലനം , വ്യവകലനം , ഗുണനം , ഹരണം<br>❖ കളികളിലൂടെ സംഖ്യകൾ തെരഞ്ഞെടുത്ത ക്രിയകളിൽ ഏർപ്പെടുന്നു<br>❖ വിവിധ ക്രിയകളടങ്ങിയ ചാർട്ട്പ്രദർശിപ്പിക്കുന്നു.<br>❖ ക്രിയയുടെ ഉത്തരം കണ്ടെത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | | |

വിഷയ മേഖല : പരിസര പഠനം

| ക്രമ നമ്പർ | ലക്ഷ്യം / മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക | ❖ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം.<br>❖ പ്രകൃതി നടത്തം<br>❖ ജൈവ വൈവിധ്യ പൂന്തോട്ടം - പരിപാലനം<br>❖ ജീവികളെ തരം തിരിക്കൽ<br>❖ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ<br>❖ നട്ട വൃക്ഷത്തൈ പരിപാലിക്കൽ , കുറിപ്പെഴുതൽ<br>❖ സസ്യങ്ങളുടെ പേര് പട്ടികപ്പെടുത്തൽ<br>❖ ജീവികളുടെ പരസ്പരാശ്രയത്വം - ചർച്ച<br>❖ പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ഇടപെടൽ - ചർച്ച | ജൂൺ മുതൽ സപ്തംബർ വരെ | | |
| 2 | വ്യക്തിശുചിത്വവും പരിസര ശുചിത്വവും | ❖ ഓരോ ദിവസവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞേ സ്കൂളിൽ വരാവൂ എന്ന് ബോധ്യപ്പെടുത്തുന്നു.<br>❖ ശുചിത്വ ചാർട്ട് പ്രദർശിപ്പിക്കുന്നു.<br>❖ ശുചിത്വ ചാർട്ടിൽ ഓരോ ദിവസവും കുട്ടിക്ക് മാർക്കിടുന്നു.<br>❖ വ്യക്തിശുചിത്വം, ക്ലാസ് റൂം പരിസര ശുചിത്വം എന്നിവയും പരിഗണിക്കുന്നു.<br>❖ നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നങ്ങൾ - ചർച്ച<br>❖ പോസ്റ്ററുകൾ തയ്യാറാക്കാം. | ജൂൺ മുതൽ മാർച്ച് വരെ | | |

| | | | | | |
|---|---|---|---|---|---|
| 3 | ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താത്പര്യവും വളർത്തുക. | ❖ ശാസ്ത്ര യാത്രകൾ (കുളം, വയൽ, കാവ്)<br>❖ ശാസ്ത്രകൗതുകംവളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.<br>❖ പക്ഷിനിരീക്ഷണത്തിന് അവസരം.<br>❖ ശാസ്ത്രീയ കാഴ്ചപ്പാട് രൂപീകരണം.<br>❖ ശാസ്ത്ര കഥകൾ.<br>❖ ശാസ്ത്രമേളയിലെ പങ്കാളിത്തം. | സപ്തംബർ മുതൽ മാർച്ച് വരെ | | |

## വിഷയ മേഖല : ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യം / മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ഉള്ള ശേഷി മെച്ചപ്പെടുത്തൽ | ❖ ഇംഗ്ലീഷ് അസംബ്ലി<br>❖ ഇംഗ്ലീഷ് പുസ്തക വായന<br>❖ ടീച്ചറും കുട്ടികളും തമ്മിലുള്ള ആശയവിനിമയം<br>❖ വിദ്യാലയത്തിലും വീട്ടിലും ആശയവിനിമയം ഇംഗ്ലീഷിൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| 2 | ഇംഗ്ലീഷ് ഡയറി തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ❖ ലളിതമായ ഭാഷയിൽ വാക്യങ്ങൾ അവതരിപ്പിക്കൽ<br>❖ വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന പ്രവർത്തനങ്ങൾ കുറിപ്പായി എഴുതൽ | ജൂൺ മുതൽ മാർച്ച് വരെ (ആഴ്ചയിൽ 2 ദിവസം) | ക്ലാസ് ടീച്ചർ | |
| 3 | ഇംഗ്ലീഷ് തീയേറ്റർ സർഗാത്മകത പരിപോഷണം | ❖ ഇംഗ്ലീഷ് പാഠഭാഗങ്ങളെ സ്കിറ്റ് ,സംഭാഷണം, കഥപറയൽ, അഭിനയം എന്നീ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| 4 | ഇംഗ്ലീഷ് ഫെസ്ററ് ഇംഗ്ലീഷ് നന്നായി എഴുതുവാനും പറയുവാനും കഴിയുന്ന നിലവാരം കൈവരിക്കൽ | ❖ വായന മത്സരം , രചന മത്സരം , മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | മാർച്ച് | ക്ലാസ് ടീച്ചർ<br>എസ് ആർ ജി | |

## വിഷയ മേഖല : അറബിക്

| ക്രമ നം. | ലക്ഷ്യം/മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | **ഹയ്യാ നതകല്ലം**<br>(നമുക്ക് സംസാരിക്കാം)<br><br>അറബിക് ഫലപ്രദമായി ഉപയോഗിക്കാനുള്ള ശേഷി വർദ്ധിപ്പിക്കൽ. | അറബിക് അസംബ്ലി<br>അറബിക് വായന<br>വീട്ടിലും സ്കൂളിലും അറബിക് സംസാരിച്ച് പരിശീലിക്കുന്നു. | ജൂൺ - മാർച്ച് | അറബിക് അധ്യാപകർ<br><br>എസ് ആർ ജി | |
| 2. | **ബാഖതുൽ മുഫ്റദാത്ത്**<br>(പദക്കൂട്ട)<br>പദ സമ്പത്ത് വർദ്ധിപ്പിക്കൽ | ഓരോ ദിവസവും ഓരോ പുതിയ അറബി പദവും അതിന്റെ ഇംഗ്ലീഷ്, മലയാളം എന്നിവ കുട്ടികളെ പരിചയപ്പെടുത്തുന്നു. | ഓഗസ്റ്റ് - മാർച്ച് | അറബിക് അധ്യാപകർ<br><br>എസ് ആർ ജി | |
| 3. | **യൗമുൻ വാഹിദ് ഇൽമുൻ വാഹിദ്**<br>(ഒരുദിനം ഒരറിവ്)<br>പൊതു വിജ്ഞാനവും അറബി സാഹിത്യത്തിലുള്ള പരിജ്ഞാനവും വർദ്ധിപ്പിക്കൽ | അറബിക് ക്ലബ്ബിന്റെ നോട്ടീസ് ബോർഡിൽ ഒരു ചോദ്യവും അതിന്റെ ഉത്തരവും പ്രദർശിപ്പിക്കുന്നു. അവ കുട്ടികൾ അവരുടെ അറബി നോട്ട് ബുക്കിൽ എഴുതിയെടുക്കുന്നു.<br><br>നിശ്ചിത എണ്ണം പൂർത്തിയാകുമ്പോൾ ക്വിസ് മത്സരം നടത്തുന്നു. | ജൂൺ - മാർച്ച് | അറബിക് അധ്യാപകർ<br><br>എസ് ആർ ജി | |

| | | | | | |
|---|---|---|---|---|---|
| **4.** | **ഹയ്യാ നക് തുബ്**<br>(നമുക്ക് സംസാരിക്കാം)<br><br>അക്ഷരങ്ങളുടെ എഴുത്തിന്റെ ഘടന അടുത്തറിയൽ<br><br>കമ്പ്യൂട്ടർ കീബോർഡിൽ അറബി ടൈപ്പിംഗ് പരിചയിക്കൽ | വിദ്യാർത്ഥി സ്വന്തമായി അറബിയിൽ വിവരണം തയ്യാറാക്കുന്നു.<br><br>എഴുതിയ വിവരണം സ്വന്തമായി ടൈപ്പ് ചെയ്ത് പരിശീലിക്കുന്നു. | സെപ്റ്റംബർ - മാർച്ച് | അറബിക് അധ്യാപകർ<br><br>എസ് ആർ ജി | |

# <u>ഉപസംഹാരം</u>

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ ജനകീയ പങ്കാളിത്തത്തോടെയും കൂട്ടായ്മയോടെയും ആണ് ഇന്ന് ഓരോ വിദ്യാ ലയവും മുന്നേറിക്കൊണ്ടിരിക്കുന്നത്. പരിമിതികളെ മറികടന്നുകൊണ്ട് ലക്ഷ്യങ്ങളെ സാധ്യമാക്കുന്നതിലേക്കുള്ള പ്രവർത്തനങ്ങൽ തയ്യാറാക്കി പ്രവൃത്തിപഥത്തിലെത്തിക്കുന്നതിന് അക്കാദമിക മാസ്റ്റർ പ്ലാൻ ഉപകരിക്കുന്നു. നമ്മുടെ വിദ്യാലയത്തെ ഉന്നതിയുടെ പടവുകൾ കയറാൻ പ്രാപ്തമാക്കുന്നതിന് നാടും നാട്ടാരും വിദ്യാലയവും ഒത്തൊരുമിച്ചാൽ സാധിക്കുമെന്നത് ഇപ്പോൾ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഇനിയും നമ്മൾക്കിതിനായി കൈകോർക്കാം.